13/1/23


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


ഹർജി നമ്പർ **CP.1088*(2)/2019*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.*20063 എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീമതി ദർശന എസ്.,**<br>**കൗസല്യ നിവാസ്,**<br>**പെരുംകുളം പി.ഒ., ആലംകോട് വഴി,**<br>**ആറ്റിങ്ങൽ, തിരുവനന്തപുരം.** | **പരാതി ഹർജിക്കാരി** |

**Vs**

| | |
|---|---|
| **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**<br>**വില്ലേജ് ഓഫീസർ,**<br>**വില്ലേജ് ഓഫീസ്, മൈലം,**<br>**കൊട്ടാരക്കര.** | **എതിർകക്ഷി** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.11.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.12.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.12.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 06.12. 2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി ദർശന എസ്., 05.12.2019ന് സമർപ്പിച്ച പരാതി ഹർജി 06.12.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.1088(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 04.11.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 12.12.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷയിൽ പറയുന്ന മൈലം വില്ലേജിൽ റീസർവ്വെ ബ്ലോക്ക് നമ്പർ 14ലെ 4401-ാം നമ്പർ തണ്ടപ്പേര് പരിശോധിച്ചതിൽ ടി തണ്ടപ്പേരിന്റെ റിമാർക്സ് കോളത്തിൽ OP.1220/15, Addl.District Judge, Ernakulam IIB dated 25.04.15 എന്നു രേഖപ്പെടുത്തി കാണുന്നുവെന്നാണ്. ടി രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട രേഖയും ടി ഓഫീസ് പരിശോധനയിൽ നാളത് ലഭ്യമായിട്ടില്ലെന്നും ടി കേസിന്റെ വിശദാംശങ്ങൾ ബഹു.കോടതിയിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നുമാണ്.

4. എതിർകക്ഷി 31.12.2019ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ രജിസ്റ്റേർഡു തപാലുകളായി 04.11.2019 തീയതി രേഖപ്പെടുത്തി അയച്ചിട്ടുള്ള വിവരാവകാശ നിയമപ്രകാരമുള്ള ഒരേ അപേക്ഷകൾ 16.11.2019, 22.11.2019 എന്നീ തീയതികളിൽ ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും അപേക്ഷക ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിന് ഏറെ ദിവസങ്ങൾ ടി ഓഫീസ് റിക്കാർഡുകൾ പരിശോധിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ആയത് ലഭ്യമായിട്ടില്ലാത്തതാണെന്നും തുടർന്ന് മറുപടി 12.12.2019ൽ അപേക്ഷക പേരിൽ സാധാരണ തപാലിൽ അയച്ചുകൊടുത്തിട്ടുണ്ടെന്നാണ്. ടിയാൾ ആരോപിക്കുംപോലെ യാതൊരുവിധ കാലതാമസവും മനപ്പൂർവ്വമായി ഇക്കാര്യത്തിൽ വരുത്തിയിട്ടില്ലെന്നുള്ള വിവരം അറിയിക്കുന്നുവെന്നുമാണ്.

5. 12.12.2022 തീയതി കമ്മീഷൻ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരം ടിയാൾക്ക് ലഭ്യമായിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാവകശ നിയമപ്രകാരം ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു

ബോധ്യമാകുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 27-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/